No. CEE/4245/PGM-2018/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം, 2018–19 ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള മോപ്പ്–അപ്പ് കൗൺസിലിംഗ് സംബന്ധിച്ച്

സംസ്ഥാനത്തെ പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട കൗൺസലിംഗിനുശേഷം സർക്കാർ മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം ആർ.സി.സി–യിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും, ഒഴിവു വരുന്ന സീറ്റുകൾ നികത്തുന്നതിനായുള്ള മോപ്പ്–അപ്പ് കൗൺസിലിംഗ് **2019 മെയ് 6–ാം തീയതി രാവിലെ 9.30 മുതൽ തിരുവനന്തപുരത്ത് ഗവ.മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ വച്ച്** നടത്തുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, മോപ്പ്–അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ അർഹതയുള്ളതുമായ വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'PGMedical2019-Candidate Portal'**–ൽ പ്രവേശിച്ച് **'Mop-Up Registration'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ സൗകര്യം **04.05.2019 മുതൽ 05.05.2019 രാത്രി 8 മണി വരെ** വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. കൂടാതെ മോപ്പ്–അപ്പ് രജിസ്ട്രേഷൻ സ്ലിപ്പ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. മോപ്പ്–അപ്പ് റൗണ്ട് കൗൺസിലിംഗിൽ പങ്കെടുക്കുന്നവർ നിർബന്ധമായും മോപ്പ്–അപ്പ് രജിസ്ട്രേഷൻ സ്ലിപ്പ് ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിശദമായ വിജ്ഞാപനം കാണുക.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471–2332120, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
03.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**